# വർണക്കൂട്ടുകളിൽ വിരിഞ്ഞ ആത്മീയ തേജസ്

- അലക്സ് തെക്കൻനാട്ടിൽ



വിശ്വോത്തര ചിത്രകാരൻ രാജാരവിവർമ വരച്ച പരു മല തിരുമേനിയുടെ ചിത്ര ത്തിനു നൂറു വയസ്. കാലി ൽ ദർഭമുന കൊണ്ടിട്ടു ണ്ടെന്ന വ്യാജേന ദുഷ്യ ന്തനെ നോക്കുന്ന ശകുന്തളയെയും വിരാടസദസിലെ ദ്രൗപതിയെയും നിറക്കൂ ട്ടുകളിൽ ചാലിച്ച ചിത്ര കലാരംഗത്തെ കുലപതിക്ക് ഒരു എണ്ണച്ചായ ചിത്രം വരയ്ക്കു കയെന്നത് അത്ര വലിയ കാര്യമല്ല. കുമരകം മുറിപ്പുരയ്ക്കൽ (ഇളയിടത്തുശേരി) ഡോ. എം. എ. ഐപ്പിന്റെ അഭ്യർത്ഥനയെ തുടർന്നാണ് രവിവർമ പരുമല തിരുമേനിയുടെ ചിത്രം വരയ്ക്കാൻ തീരുമാനിച്ചത്. അന്നുവരെ വരച്ചതിൽ വ്യത്യസ്തമായ ഒരു എണ്ണച്ചായ ചിത്രമായി രുന്നു ലക്ഷ്യം. അതുകൊണ്ടുതന്നെ ശ്രദ്ധയോടുകൂടിയായിരുന്നു ചിത്രമെഴുത്തു തമ്പുരാന്റെ തുടക്കം. കിളിമാനൂർ കോവിലകത്തിന്റെ തൊട്ടു മുമ്പിലുള്ള തന്റെ ചിത്രശാലയിൽ ഇഷ്ടദേവനെ ധ്യാനിച്ചു കൊണ്ടു പരുമല തിരുമേനിയുടെ ഫോട്ടോ രാജാരവിവർമ മേശപ്പുറത്തു വച്ചു.

'മാർ ഗ്രീഗോറിയോസ് തിരുമേനി ഒരു പുണ്യ ചരിതനാണെന്ന്' തന്റെ സുഹൃത്ത് ഇലഞ്ഞിക്കൽ ജോൺ വക്കീൽ പറഞ്ഞതു രവിവർമ ഓർത്തു. ക്യാൻവാസിൽ ചിത്രം ആവിഷ്ക്കരിക്കുകയായിരുന്നു അടുത്ത ലക്ഷ്യം. നിറക്കൂട്ടിൽ മുക്കിയ ബ്രഷ് ചാലിച്ചു; നിറങ്ങൾ വർണങ്ങളായി. ക്യാൻവാസിൽ തെളിഞ്ഞ രൂപം ചിത്രകാരൻ നിർന്നിമേഷനായി നോക്കിനിന്നു.

'ഇല്ല, പോരാ' മുഖത്തിനു വേണ്ടത്ര മിഴിവു വന്നിട്ടില്ല. ഭാരതീയ ചിത്രകലയുടെ ആചാര്യന്റെ മനസ് മന്ത്രിച്ചു. ഫോട്ടോ ഒരിക്കൽക്കൂടി പരിശോധിച്ചു. ക്യാൻവാസിലെ ചിത്രവുമായി ഒത്തുനോക്കി. 'ഇല്ല, കാര്യമായ വ്യത്യാസമൊന്നുമില്ല. പൂർണത കൈവന്നിട്ടില്ലെന്ന് അപ്പോഴും മനസ് മന്ത്രിച്ചു.' മിക്കവാറും പൂർത്തിയായ ചിത്രം ചിത്രശാലയുടെ മൂലയിൽ ചാരിവച്ചു.

രാജാക്കന്മാർക്കിടയിലെ ചിത്രകാരനും ചിത്രകാരന്മാർക്കിടയിലെ രാജാവുമായ രവിവർമയ്ക്ക് ഇങ്ങനെ ഒരനുഭവം ആദ്യമായിരുന്നു. മെത്രാപ്പോലീത്തയുടെ ചിത്രം വേണ്ടത്ര നന്നായില്ലെന്ന കാരണത്താൽ മറ്റൊരു ചിത്രം വരയ്ക്കാൻ ഉദ്ദേശിക്കുന്നതായി വരയ്ക്കാൻ ഏൽപിച്ച ഡോ. ഐപ്പിനു രവിവർമ കത്തെഴുതി.
തിരുമേനി ഒരു പരിശുദ്ധനാണെന്ന് ഇലഞ്ഞിക്കൽ ജോൺ വക്കീൽ പലതവണ പറഞ്ഞിട്ടുള്ളതു രവിവർമ ഓർത്തു. ആ നിലയ്ക്കു തിരുമേനിയുടെ ഫോട്ടോയുടെ ഘടന പഠിക്കാനായിരുന്നു ശ്രമം. അങ്ങനെ ആ മുഖത്തെ ദിവ്യതേജസ് ചിത്രമെഴുത്തു തമ്പുരാൻ കണ്ടെത്തി. ഈ തേജസിന്റെ തിളക്കം ക്യാൻവാസിലേക്ക് ആവാ ഹിക്കാൻ കഴിയാതെ പോയതാണ് ആദ്യ ചിത്രം സംതൃപ്തി നൽകാതെ പോയതെന്നു ബോധ്യമായി.
ഇത്തവണ ബ്രഷിന്റെ ചലനത്തിനുപോലും അനിവർചനീയമായ മാറ്റം! കൈകൾക്കു ദൈവസ്പർശനം ഏറ്റാലുള്ള അനുഭവം!! നിറക്കൂട്ടുകളിൽനിന്ന് ഇറങ്ങിവന്നതു വിശുദ്ധ രൂപം. ചിത്രത്തിനു പൂർണത കൈ വന്നതായി മഹാനായ ആ ചിത്രകാരൻ തിരിച്ചറിഞ്ഞു.

ചിത്രം കണ്ട ഡോക്ടർക്കു മൂന്നു വർഷം മുമ്പു കാലംചെയ്ത തിരുമേനിയെ നേരിൽ കാണുന്ന അനുഭവമാണുണ്ടായത്. കുമ രകത്തെ ആശുപത്രിയിൽ ഈ ചിത്രം സ്ഥാപിച്ചു; പിന്നീട് ആറ്റമംഗലം പള്ളിക്കു സമർപ്പിച്ചു. 1905 ഒക്ടോബറിലാണ് (1081 തുലാം) ചിത്രം പൂർത്തിയാക്കിയത്. രവിവർമയുടെ 57ാം വയസിലാണ് ഈ ചിത്രം വരച്ചത്. അടുത്ത വർഷം രവിവർമ ദിവംഗദനായി. ഈ ചിത്രത്തിനു പാരീസിലെ ഒരു മ്യൂസിയം അന്ന് ഇരുപതിനായിരം രൂപ വില പറഞ്ഞിരുന്നു.  രവിവർമ ചിത്രത്തിന്റെ നൂറാം വർഷത്തിൽ ചിത്ര മെഴുത്തു തമ്പുരാന്റെ ചരമശതാബ്ദിയും ആചരിക്കുകയാണ്.

Source: manoramaonline.com

Pallibhagam Youth Movement
St Stephens Orthodox Cathedral
Kudassanad Ph: 04734 252134

www.pallibhagamyouth.com